# കേരള സർക്കാർ

## സംഗ്രഹം

ജീവനക്കാര്യം—ലാസ്റ്റ് ഗ്രേഡ് സർവ്വന്റ്, എൽ. ഡി. ക്ലാർക്ക്, എൽ. ഡി. ടൈപ്പിസ്റ്റ്, ടൈപ്പിസ്റ്റ് ഗ്രേഡ്-2, ക്ലാർക്ക്-ടൈപ്പിസ്റ്റ്, ടൈപ്പിസ്റ്റ്-ക്ലാർക്ക്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, അസിസ്റ്റന്റ് (സെക്രട്ടേറിയറ്റ്, ലോക്കൽ ഫണ്ട്, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ തുടങ്ങിയവ) തസ്തികകളിലേക്കുള്ള പുതുക്കിയ യോഗ്യതാ മാനദണ്ഡങ്ങൾ, സമാശ്വാസ തൊഴിൽദാന പദ്ധതി/ സ്പോർട്സ്ക്വാട്ട നിയമനം എന്നിവയ്ക്ക് ബാധകമാകുന്നതു സംബന്ധിച്ച് സ്പഷ്ടീകരണം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

### ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ്) വകുപ്പ്

**സ. ഉ. (പി) നമ്പർ 29/2011/ഉ.ഭ.പ.വ. തിരുവനന്തപുരം, 2011 ആഗസ്റ്റ് 26.**

---

പരാമർശം:—(1) 24-9-1999-ലെ സ. ഉ. (പി) നമ്പർ 12/1999/ഉ.ഭ.പ.വ.

(2) 1-7-2011-ലെ സ. ഉ. (എംഎസ്.) നമ്പർ 21/2011/ഉ.ഭ.പ.വ.

## ഉത്തരവ്

സൂചന (2)-ലെ ഉത്തരവുപ്രകാരം വിവിധ വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് സർവ്വന്റ്, എൽ. ഡി. ക്ലാർക്ക്, എൽ. ഡി. ടൈപ്പിസ്റ്റ്, ടൈപ്പിസ്റ്റ് ഗ്രേഡ്-2, ക്ലാർക്ക്-ടൈപ്പിസ്റ്റ്, ടൈപ്പിസ്റ്റ്-ക്ലാർക്ക്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, അസിസ്റ്റന്റ് (സെക്രട്ടേറിയറ്റ്, ലോക്കൽ ഫണ്ട്, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ തുടങ്ങിയവ) എന്നീ തസ്തികകളിലേക്കുള്ള നിയമന യോഗ്യതാ മാനദണ്ഡങ്ങൾ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിനെത്തുടർന്ന് സമാശ്വാസ തൊഴിൽദാന പദ്ധതി/സ്പോർട്സ് ക്വാട്ട പ്രകാരമുള്ള നിയമനങ്ങൾക്ക് കൂടുതൽ വ്യക്തത വരുത്തേണ്ടതുണ്ട് എന്ന് സർക്കാരിന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

(2) മേൽസാഹചര്യത്തിൽ, ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സമാശ്വാസ തൊഴിൽദാന പദ്ധതി/സ്പോർട്സ് ക്വാട്ട എന്നിവയിലെ നിയമനങ്ങൾക്ക് സൂചന (2) പ്രകാരമുള്ള യോഗ്യതാ മാനദണ്ഡങ്ങൾ ബാധകമാക്കുന്നതു സംബന്ധിച്ച് ചുവടെ പ്രതിപാദിക്കുന്ന സ്പഷ്ടീകരണം നൽകി ഉത്തരവാകുന്നു:

(i) സമാശ്വാസ തൊഴിൽദാന പദ്ധതിപ്രകാരം വളരെ മുമ്പുതന്നെ അപേക്ഷ സമർപ്പിക്കുകയും 1-7-2011-നുമുമ്പായി നിയമനം നല്കാൻ സർക്കാർ തീരുമാനം എടുത്തിട്ടുള്ളതും എന്നാൽ വേക്കൻസി ലഭ്യമല്ലാതിരുന്നതിനാൽ നിയമന ഉത്തരവ് നല്കാതിരുന്നതുമായ കേസുകളിലും, സ്പോർട്സ് ക്വാട്ട നിയമനങ്ങൾക്ക് നിലവിൽ അപേക്ഷ ക്ഷണിച്ച് സെലക്ഷൻ നടപടി ക്രമങ്ങൾ നടന്നുവരുന്നതുമായ കേസുകളിലും അവർക്ക് നിയമന ഉത്തരവ് നല്കുന്നതിനായി 1-7-2011-ലെ ഉത്തരവുപ്രകാരമുള്ള പുതിയ യോഗ്യതാ മാനദണ്ഡങ്ങൾ ബാധകമാക്കേണ്ടതില്ല.

(ii) എന്നാൽ, 1-7-2011-നുശേഷം ഇപ്രകാരം ജോലിയിൽ പ്രവേശിക്കുന്നവർക്ക് (സമാശ്വാസ തൊഴിൽദാന പദ്ധതിപ്രകാരവും, സ്പോർട്സ് ക്വാട്ട നിയമനപ്രകാരവും) ജോലിയിൽ പ്രവേശിക്കുന്ന തസ്തികയിലേക്കുള്ള പുതുക്കിയ യോഗ്യത ഇല്ലാത്തപക്ഷം ആയത് പരമാവധി മൂന്ന് വർഷത്തിനുള്ളിൽ ആർജ്ജിക്കേണ്ടതാണ്.

(3) പരാമർശം (2)-ലെ സ. ഉ. (എംഎസ്.) നമ്പർ 21/2011/ഉ.ഭ.പ.വ. തീയതി 1-7-2011 പ്രകാരം പരിഷ്കരിച്ച യോഗ്യതയില്ലാത്തവരുടെ കാര്യത്തിൽ നിയമന ഉത്തരവ് പുറപ്പെടുവിക്കുമ്പോൾ മുകളിൽ പറയുന്ന വ്യവസ്ഥകൾ പ്രസ്തുത ഉത്തരവിൽ ഉൾപ്പെടുത്തേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

റ്റി. ജെ. മാത്യു,

*സെക്രട്ടറി.*

എല്ലാ വകുപ്പ് മേധാവികൾക്കും/നിയമനാധികാരികൾക്കും/ഓഫീസുകൾക്കും/എല്ലാ ജില്ലാ കളക്ടർമാർക്കും.

നിയമം/ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും/സെക്ഷനുകൾക്കും.

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/ സെക്രട്ടറിമാർക്കും/സ്പെഷ്യൽ സെക്രട്ടറിമാർക്കും/അഡീഷണൽ സെക്രട്ടറിമാർക്കും/ ജോയിന്റ് സെക്രട്ടറിമാർക്കും/ഡെപ്യൂട്ടി സെക്രട്ടറിമാർക്കും/ അണ്ടർ സെക്രട്ടറിമാർക്കും.

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരള ഹൈക്കോടതി (ആമുഖ കത്ത് സഹിതം).

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം).

റസിഡന്റ് കമ്മീഷണർ, കേരള ഹൗസ്, ന്യൂഡൽഹി.

ചീഫ് സെക്രട്ടറിയുടെ ജോയിന്റ് സെക്രട്ടറി.

പൊതുഭരണ (സർവ്വീസസ്-എ) വകുപ്പ്.

പൊതുഭരണ (എസ്.സി.) വകുപ്പ്.

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (അഡ്വൈസ്-എ, ബി, സി) വകുപ്പുകൾ.

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്.

*പകർപ്പ്:*

മുഖ്യമന്ത്രി ഉൾപ്പെടെ എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.

പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്.

സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.